On I. G. S.

# GOVERNMENT OF KERALA

To

എൻ. ബാദുഷ,

വയനാട് പ്രകൃതി സംരക്ഷണ സമിതി,

സുൽത്താൻ ബത്തേരി. പി.ഒ,

വയനാട് - 673592

27 FEB 2015

N

REVENUE DEPARTMENT,
GOVERNMENT SECRETARIAT,
THIRUVANANTHAPURAM,
KERALA STATE.

CPPT. 3/50/09/10,000(v).

URP
695001 27.02.2015
B27D 667324

भारत INDIA
POSTAGE
Rs19.00

N200650

വിവരാവകാശ നിയമം 2005

കേരള സർക്കാർ

നമ്പർ.5500/എൻ3/2015/റവന്യൂ

റവന്യൂ (എൻ)വകുപ്പ്
തിരുവനന്തപുരം,
തീയതി:26/02/2015

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അണ്ടർ സെക്രട്ടറി

ശ്രീ.എൻ. ബാദുഷ,
വയനാട് പ്രകൃതി സംരക്ഷണ സമിതി,
സുൽത്താൻ ബത്തേരി.പി.ഒ,
വയനാട്-673592.

സർ,

വിഷയം:- റവന്യൂ വകുപ്പ് - വിവരാവകാശ നിയമം 2005 - കരുണ എസ്റ്റേറ്റുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് നൽകുന്നത്- സംബന്ധിച്ച്.-

സൂചന:- 1) താങ്കളുടെ 15.01.2015 -ലെ അപേക്ഷ.
2) 02/02/15-ലെ ഇതേ നമ്പർ സർക്കാർ കത്ത്.

.......................

സൂചന ഒന്ന പ്രകാരം താങ്കൾ ആവശ്യപ്പെട്ട, കരുണ എസ്റ്റേറ്റുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു. ഇക്കാര്യത്തിൽ പരാതികൾ ഉള്ളപക്ഷം താഴെക്കൊടുത്തിരിയ്ക്കുന്ന വിലാസത്തിൽ അപ്പീൽ സമർപ്പിയ്ക്കാവുന്നതാണ്.

ശ്രീമതി. എ. പത്മവല്ലി,
അപ്പീൽ അധികാരി & ഡെപ്യൂട്ടി സെക്രട്ടറി,
റവന്യൂ വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

വിശ്വസ്തതയോടെ,

ഉഷാ റ്റി. നായർ
സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി

| ക്രമ നം. | | വിഷയം | പേജ് നമ്പർ |
|---|---|---|---|
| 1. | | ആമുഖം | 1 |
| 2. | | സംക്ഷിപ്ത ചരിത്രം | 3 |
| | (എ) | വേങ്ങുനാട് കോവിലകത്തു നിന്നും പോബസൺ വരെയുള്ള ഭൂമി പാട്ടകൈമാറ്റം | 3 |
| | (ബി) | 1976 ലെ O.A 583/76 കേസ് മുതൽ നാളിത് വരെയുള്ള വ്യവഹാരങ്ങൾ | 5 |
| | (സി) | കേരള ഭൂപരിഷ്കരണ നിയമ പ്രകാരമുള്ള നടപടികൾ | 7 |
| 3. | | ഇപ്പോഴത്തെ പരാതിയും അന്വേഷണത്തിന് കാരണവുമായ സംഗതികൾ | 8 |
| | (എ) | റീസർവ്വെയ്ക്ക് മുമ്പ് കരം അടച്ചത് സംബന്ധിച്ച് | |
| | (ബി) | കരം സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പോബസൺ എസ്റ്റേറ്റ്സ് സമർപ്പിച്ച അപേക്ഷകളും തുടർ നടപടികളും | |
| 4 | | ബന്ധപ്പെട്ട് ഉദ്യോഗസ്ഥരെയും പോബ്സണിനെയും വിചാരണ ചെയ്തതിലുള്ള വിവരങ്ങൾ | 17 |
| 5. | | അന്വേഷണ വിധേയമാക്കിയ വസ്തുതകൾ | 35 |
| 6. | | അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങളുടെ വിവരണവും അതിന്മേലുള്ള അഭിപ്രായവും | 50 |
| 7. | | ശുപാർശ | 58 |
| | (എ) | പൊതുവായുള്ളതും | |
| | (ബി) | തുടർനടപടികൾക്കുള്ളതും | |
| 8. | | അനുബന്ധങ്ങൾ | 60 |


Attested

USHA.T.NAIR
Under Secretary to Govt
Revenue Dept
Govt. Secretariat
Thiruvananthapuram

# നെല്ലിയാമ്പതി കരുണാ എസ്റ്റേറ്റിന് കരം സ്വീകരിക്കുന്നതിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട പരാതിയിന്മേൽ തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ട്

എൽ.ബി.(ഇ)5-6754/2014

സൂചന:- സ.ഉ. (സാധാ) 3173/14/റവ തീയതി 14.07.2014

അന്വേഷണ ഉദ്യോഗസ്ഥ:ശ്രീമതി.പി.മേരിക്കുട്ടി ഐ.എ.എസ്.
സെക്രട്ടറി, ലാന്റ് ബോർഡ്.

Attested

USHA T. NAIR
Under Secretary to Govt
Revenue ....Dept
Govt. Secretariat
Thiruvananthapuram

## ആമുഖം

M/s പോബ്സ് ഗ്രൂപ്പിന്റെ കൈവശമുള്ള 800 ഏക്കറോളം വരുന്ന നെല്ലിയാമ്പതി കരുണ എസ്റ്റേറ്റ് ഭൂമിയ്ക്ക് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ നൽകിയ അനുമതിയുടെ അടിസ്ഥാനത്തിൽ കരം സ്വീകരിക്കുന്നതിന് ചിറ്റൂർ അഡീഷണൽ തഹസീൽദാർ ഉത്തരവ് നൽകിയത് സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള നിയമസഭയിൽ പരാമർശം ഉണ്ടായി. തുടർന്ന് പത്ര-ദൃശ്യ മാധ്യമങ്ങളിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വന്ന റിപ്പോർട്ടുകളിലും ചർച്ചകളിലും കരം സ്വീകരിച്ച നടപടി സംശയാസ്പദമാണെന്നും റവന്യൂ വകുപ്പിന് വീഴ്ച ഉണ്ടായെന്നും പറയുന്നുണ്ട്. സർക്കാർ ഈക്കാര്യം പരിശോധിക്കുകയും ഇത് സംബന്ധിച്ച ഒരന്വേഷണം പ്രഖ്യാപിക്കുകയും ചെയ്തു. കരുണ എസ്റ്റേറ്റിന്റെ കൈവശത്തിലുള്ള 800 ഏക്കറോളം വരുന്ന ഭൂമിയിൽ സർക്കാരിൽ നിക്ഷിപ്തമാകേണ്ട ഭൂമിയുടെ വിസ്തീർണ്ണം കണ്ടെത്തുന്നതിലും, കരം സ്വീകരിച്ചതിലും ഭൂപരിഷ്കരണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചും ഇത് സംബന്ധിച്ച് സർക്കാർ നൽകിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരവും അന്വേഷണം നടത്തിയും ഒരാഴ്ചയ്ക്കകം റിപ്പോർട്ട്

Attested

USHA.T.NAIR
Under Secretary to Govt
Revenue .....Dept
Govt. Secretariat
Thiruvananthapuram

സമർപ്പിക്കുവാൻ സർക്കാർ ഉത്തരവ് (സാധാ) 3173/14/റവ തീയതി 14.07.2014 റവന്യൂ (പി) വകുപ്പ് ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം അന്വേഷണ ടീമിപ് രൂപം നൽകുകയും 16.07.14 മുതൽ 19.07.14 വരെ പാലക്കാട് കലക്ട്രേറ്റ്, കൊല്ലങ്കോട് 2, നെല്ലിയാമ്പതി വില്ലേജ് ഓഫീസുകൾ, പാലക്കാട് സർവ്വേ സൂപ്രണ്ട് ഓഫീസ്, കൊല്ലങ്കോട്, കൊടുവായൂർ, ഒലവക്കോട് സബ് രജിസ്ട്രാർ ആഫീസുകൾ, ഒലവക്കോട് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആഫീസ് 05.08.2014-ന് പാലക്കാട് ജില്ലാ കോടതി എന്നിവിടങ്ങളിൽ പോയി രേഖകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. 24.07.2014 ന് ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും പോബ്സൺ എസ്റ്റേറ്റ് മാനേജിംഗ് ഡയറക്ടറേയും നേരിൽ കേൾക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സീലിംഗ് കേസ് റിക്കാർഡുകളും പരിശോധിച്ചിട്ടുണ്ട്.

ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറുകളും പ്രസക്തമായ രേഖകളും പരിശോധിച്ചും, പരാതിക്കാരനെയും ഉദ്യോഗസ്ഥരെയും നേരിൽ കേട്ടും സർക്കാർ നിർദ്ദേശിച്ച അന്വേഷണ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചും അന്വേഷണം നടത്തിയിട്ടുള്ളതാണ്. അന്വേഷണ റിപ്പോർട്ട് താഴെ ചേർക്കുന്നു.

Attested

USHA.T.NAIR
Under Secretary to Govt
Revenue Dept
Govt. Secretariat
Thiruvananthapuram

2. <u>സംക്ഷിപ്ത ചരിത്രം</u>

(എ) ആധാര പ്രകാരമുള്ള കൈമാറ്റങ്ങൾ

11.04.1890 തീയതിയിലെ 640/1890, 642/1890 നമ്പർ പാട്ട ആധാരങ്ങൾ പ്രകാരം 1000 ഏക്കർ, 500 ഏക്കർ വിസ്തീർണ്ണം വരുന്ന സ്ഥലങ്ങൾ വേങ്ങനാട് കോവിലകത്ത് നിന്നും എ.എം മെക്കൻസി, എച്ച്.എം ഹാൾ എന്നീ വിദേശികൾക്ക് കരാറിന് നൽകി. ഇവർക്കുള്ള മറ്റു വസ്തുക്കളും ചേർത്ത് 3129 ഏക്കർ ആഗ്ലോ അമേരിക്കൻ ടീ ട്രേഡിംഗ് കമ്പനി രൂപീകരിക്കുകയും ഇപ്രകാരം ഭൂമി കൈവശം വച്ചുവന്ന 28.02.1944 ലെ പാട്ട ആധാര പ്രകാരം അമാൽഗമേറ്റഡ് ടീ കമ്പനിക്ക് പാട്ടത്തിന് നൽകുകയും ചെയ്തു. ***(അനുബന്ധം 1)*** അമാൽഗമേറ്റഡ് ടീ കമ്പനി 28.10.1969 ലെ 2676/1969 ***(അനുബന്ധം 2)*** നമ്പർ പാട്ട ആധാര പ്രകാരം 1009 ഏക്കർ (സീതാർക്കുണ്ഡ് എസ്റ്റേറ്റ്) ശ്രീ.എൻ.ജെ.ജോസഫ് മുതൽ പേർക്ക് നൽകി. ശ്രീ.എൻ.ജെ. ജോസഫ് ആലപ്പുഴ SRO യുടെ 498/79 തീയതി 15.04.1979 നമ്പർ ആധാര പ്രകാരം ***(അനുബന്ധം 3)*** മെസേഴ്സ് കരുണ പ്ലാന്റേഷൻസ് ലിമിറ്റഡിന് നൽകി. വസ്തുക്കളുടെ ജന്മാവകാശം കോവിലകത്ത് നില നിന്നിരുന്നു എന്ന നിഗമനത്തിൽ തീറാധാരം എന്നു പറഞ്ഞ് ആധാരങ്ങൾ

Attested

USHA.T.NAIR
Under Secretary to Govt
Revenue........Dept
Govt. Secretariat
Thiruvananthapuram

നടത്തിയിട്ടുണ്ടെങ്കിലും പാട്ടാവകാശം മാത്രമാണ് കൈമാറി പോന്നിരുന്നത്.

1988 ൽ കരുണ പ്ലാന്റേഷനിൽ നിന്നും ഓഹരി കൈമാറ്റത്തിലൂടെ 1009 ഏക്കർ മെസേഴ്സ് പോബ്സ് എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡിന് ലഭിച്ചു. പാട്ടാവകാശമോ, കൈവശാവകാശമോ വഴി കൈമാറ്റം ചെയ്തു. ആധാരങ്ങൾ രജിസ്റ്റർ ചെയ്തിരുന്നില്ല. കമ്പനീസ് രജിസ്ട്രാറുടെ 26.09.2000 ലെ സർട്ടിഫിക്കറ്റ് പ്രകാരം കമ്പനിയുടെ പേരു കരുണ പ്ലാന്റേഷൻ എന്നത് പോബ്സ് എസ്റ്റേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നാക്കിയിട്ടുണ്ട്. വേങ്ങനാട് കോവിലകം വിഭജനം സംബന്ധിച്ച് പാലക്കാട് ജില്ലാ കോടതിയിൽ ഫയൽ ചെയ്ത ഒ.എസ് 1/64 കേസ്സിൽ (ഒ.എസ് 67/64 സബ് കോടതി പാലക്കാട്) 15.07.1967 ൽ ***(അനുബന്ധം 4)*** ഉണ്ടായ വിധിയുടെയും 21.02.2003-ലെ IA 953/74-ൽ പുറപ്പെടുവിച്ച വിധിയുടേയും ***(അനുബന്ധം 5)*** അടിസ്ഥാനത്തിൽ അവകാശം സിദ്ധിച്ചെന്നു പറയുന്നവരിൽ നിന്നും നെന്മാറ സബ് രജിസ്ട്രാർ ആഫീസിലെ 2119/2008 തീയതി 26.05.2008 ആധാര പ്രകാരം ***(അനുബന്ധം 6)*** 17,50,000/- രൂപ വിലയർത്ഥം വച്ച് 846 ഏക്കർ ഭൂമിയുടെ ജന്മവകാശം പോബ്സ് എസ്റ്റേറ്റ് എഴുതി വാങ്ങുകയുണ്ടായി.

Attested

USHA.T.NAIR
Under Secretary to Govt
Revenue ....Dept
Govt. Secretariat
Thiruvananthapuram

(ബി) പ്രൈവറ്റ് ഫോറസ്റ്റ് സംബന്ധിച്ചുണ്ടായ ഒ.എ/എം.എഫ്.എ കേസ്സുകളുടെ ചരിത്രം

മേൽ പറഞ്ഞ 1009 ഏക്കർ ശ്രീ. എൻ.ജെ. ജോസഫ് മുതൽപേരുടെ കൈവശമിരിക്കവേ 1976ൽ സീതാർഗുണ്ട് എസ്റ്റേറ്റ് എം.പി.പി.എഫ്. ആക്ട് പ്രകാരം പ്രൈവറ്റ് ഫോറസ്റ്റിൽ പ്പെട്ടതായിരുന്നുവെന്നും 1971 ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്ട് പ്രകാരം വെസ്റ്റേഡ് ഫോറസ്റ്റ് ആയി മാറ്റിയതിനെതിരെ ശ്രീ.എൻ.ജെ.ജോസഫ് മുതൽ പേർ ഫോറസ്റ്റ് ട്രൈബ്യൂണലിൽ OA 583/76 ആയി കേസ്സ് ഫയൽ ചെയ്തു. 08.05.1981-ൽ ഹർജി അനുവദിച്ച് ട്രൈബ്യൂണൽ ഉത്തരവായി.***(അനുബന്ധം 7)*** ഈ ഉത്തരവിനെതിരെ സ്റ്റേറ്റ് MFA 574/81 ആയി അപ്പീൽ ഫയൽ ചെയ്യുകയും 07.10.1986-ൽ ***(അനുബന്ധം 8)*** കേസ്സ് പുനഃപരിശോധിക്കുവാൻ ട്രൈബ്യൂണലിന് നിർദ്ദേശം നൽകി ഉത്തരവാകുകയും ചെയ്തു. കേസ്സിൽ വിശദമായ തെളിവെടുപ്പും വിദഗ്ദാഭിപ്രായവും നടത്തി 133.55 ഏക്കർ കോഫി പ്ലാൻേറഷനായും ബാക്കി vested forest ആയും കണ്ടെത്തി 12.01.1989-ൽ ഫോറസ്റ്റ് ട്രൈബ്യൂണൽ ഉത്തരവായി. ***(അനുബന്ധം 9)***

Attested

USHA.T.NAIR
Under Secretary to Govt
Revenue ...Dept
Govt. Secretariat
Thiruvananthapuram

ഈ ഉത്തരവിനെതിരെ കരുണാ പ്ലാന്റേഷൻസ് MFA 574/89 ആയും സർക്കാർ 106/90 ആയും ബഹു:ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. MFA 574/89 ഭാഗികമായും 106/90 തള്ളിയും 86.46 ഏക്കർ വനഭൂമി മാത്രം vested forest ആണെന്ന് തീരുമാനിച്ച് 16.10.1990 ൽ ഹൈക്കോടതി ഉത്തരവായി ***(അനുബന്ധം 10)***

16.10.1990-ലെ ബഹു:ഹൈക്കോടതി വിധി പ്രകാരം, ഫോറസ്റ്റ് & വൈൽഡ് ലൈഫ് വകുപ്പ് 16380/E2/1991/F&WLD നമ്പരായി കസ്റ്റോഡിയൻ & കൺസർവേറ്റർ വെസ്റ്റഡ് ഫോറസ്റ്റ്, കോഴിക്കോടിനയച്ച കത്തു പ്രകാരം ***(അനുബന്ധം 11)*** OA 583/76 കേസ്സിൽ വിട്ടു കൊടുക്കുവാൻ ഉത്തരവായ ഭൂമി വിട്ടു കൊടുക്കുവാൻ സർക്കാർ നിർദ്ദേശം നൽകി. അതനുസരിച്ച് ഭൂമി 1994 ജനുവരി 12-ന് അന്നത്തെ കൈവശക്കാരായ പോബ്സൺ എസ്റ്റേറ്റ് മാനേജർ ശ്രീ.പി.എ.മാത്യൂവിന് നൽകി.

സർക്കാർ ഫയൽ ചെയ്ത MFA 106/90 തള്ളിയതിനെതിരെ സർക്കാർ RP 126/2000, 133/2000 ***(അനുബന്ധം 12)*** ആയി റവ്യൂ ഹർജികൾ ഫയൽ ചെയ്തെങ്കിലും യഥാക്രമം 3380, 3383 എന്നീ ദിവസങ്ങളുടെ കാലതാമസം കാരണം പെറ്റീഷൻ19.07.2005-ൽ

Attested

USHA.T.NAIR
Under Secretary to Govt
Revenue.....Dept
Govt. Secretariat
Thiruvananthapuram

തള്ളുകയും അപ്പീൽ ഫയൽ ചെയ്യുവാൻ നിർദ്ദേശിക്കുകയും ചെയ്തു. സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുവാൻ സമർപ്പിക്കപ്പെട്ട SLP CC 13962-13965/2008 കാലതാമസം എന്ന കാരണത്താൻ തന്നെ തള്ളി 06.02.2009-ന് കോടതി ഉത്തരവായി.***(അനുബന്ധം 13)***

(സി) <u>സീലിംഗ് കേസ് സംബന്ധിച്ച്.</u>

28.10.1969-ലെ 2676/69 ആധാര പ്രകാരം 1009 ഏക്കറിന് അവകാശം സിദ്ധിച്ച ശ്രീ.എൻ.ജെ.ജോസഫ് മുതൽ പേർ പേരിൽ അമ്പലപ്പുഴ താലൂക്ക് ലാന്റ് ബോർഡിലുണ്ടായിരുന്ന 31/73/Amb (TLB No.31, 33, 35, 38, 39, 40) എന്നീ കേസ്സുകളിൽ ഈ 1009 ഏക്കർ ഉൾപ്പെടുന്നതും, പ്ലാന്റേഷൻ എന്ന നിലയിൽ u/s 81(1) പ്രകാരം (Exemption) ഇളവ് നൽകി താലൂക്ക് ലാന്റ് ബോർഡ് 26.10.1976-ാം തീയതിയിൽ ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ***(അനുബന്ധം 14)***

MFA 574/89, 106/90 കേസ്സുകളുടെ വിധിയുടെ അടിസ്ഥാനത്തിൽ 833 ഏക്കർ ഭൂമി കൈവന്നതിനെ തുടർന്ന് കരുണ പ്ലാന്റേഷൻസിന്റെ പേരിൽ 87-ാം വകുപ്പു പ്രകാരം സ്വമേധയാ കേസ്സെടുക്കാൻ താലൂക്ക് ലാന്റ് ബോർഡിൽ നിന്നുള്ള

Attested

USHA.T.NAIR
Under Secretary to Govt
Revenue ...Dept.
Govt. Secretariat
Thiruvananthapuram

പ്രൊപ്പോസലിൻെറ അടിസ്ഥാനത്തിൽ LB (E)9-3408/2000 ആയി 28.03.2000-ൽ ലാന്റ് ബോർഡ് അനുമതി നൽകി. അതനുസരിച്ച് SM-6/2000 ആയി കരുണാ പ്ലാനേറഷൻസിൻെറ പേരിൽ സീലിംഗ് കേസ്സ് ആരംഭിച്ച TLB, സർവ്വെ 492, 493, 494 സർവ്വെ നമ്പരുകളിൽ ആകെ ഭൂമി 833 ഏക്കറായും 81-ാം വകുപ്പു പ്രകാരം 435.29 ഏക്കറിന് ഇളവും (Exemption) 397.71 ഏക്കർ സറണ്ടർ ചെയ്യുവാനും ഡ്രാഫ്റ്റ് സ്റ്റേറ്റ്മെന്റ് നൽകി. കേസ്സിൽ വിചാരണ നടത്തി 16.11.2001-ൽ 15 ഏക്കർ കൈവശം വയ്ക്കാവുന്ന ഭൂമിയും ബാക്കി ഭൂമി മുഴുവൻ (833 ഏക്കർ) 81(1) (e) പ്രകാരം പ്ലാൻേറഷനായി ഇളവു നൽകി മിച്ചഭൂമി ഇല്ല എന്ന് ഉത്തരവു പാസ്സാക്കുകയും ചെയ്തു. ***(അനുബന്ധം 15)***

3. <u>ഇപ്പോഴത്തെ അന്വേഷണത്തിന് കാരണമായ സംഗതികൾ.</u>

നെല്ലിയാമ്പതി വില്ലേജിൽ 2007-ൽ റീ സർവ്വെ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറി. അന്വേഷണ വിധേയമായ ഭൂമി റീ സർവ്വെയ്ക്കു മുമ്പ് ഭൂനികുതി ഒടുക്കി വന്നിരുന്നുവെന്നും റീ സർവ്വെയ്ക്ക് ശേഷം നികുതി സ്വികരിക്കുന്നില്ലെന്നും ആയതിന് അനുവാദം നൽകണമെന്നു കാണിച്ച് പോബ്സ് എസ്റ്റേറ്റ് 25.06.2013-ൽ കേരള സർവ്വെയും അതിരടയാള നിയമം 13A വകുപ്പു

Attested

USHA.T.NAIR
Under Secretary to Govt
Revenue Dept.
Govt. Secretariat
Thiruvananthapuram

പ്രകാരം ജില്ലാ കളക്ടർക്ക് അപ്പലേറ്റ് അതോറിറ്റി എന്ന നിലയിൽ അപേക്ഷ നൽകി.(അനുബന്ധം 16) ജില്ലാ കളക്ടർ രണ്ടാഴ്ചയ്ക്കകം തീർപ്പാക്കണമെന്ന് നിർദ്ദേശിച്ച് അപേക്ഷ അഡീഷണൽ തഹസിൽദാർക്കു നൽകി. അഡീഷണൽ തഹസിൽദാർ റിപ്പോർട്ടിനായി നെല്ലിയാമ്പതി വില്ലേജ് ആഫീസർക്ക് കൈമാറി. 2007-ൽ റീ സർവ്വെ നിലവിൽ വന്ന വില്ലേജിൽ ബേസിക്ക് ടാക്സ് രജിസ്റ്റർ പ്രകാരം പരാമർശ വസ്തു മുൻ സർവ്വെ 492pt, 493pt, 494pt നമ്പരിലും റീ സർവ്വെ 2/1, 2/2, 2/3, 2/4, 2/5, 2/6 എന്നീ നമ്പരുകളിൽ താഴെപ്പറയുന്ന പ്രകാരമായിരുന്നു.

| ക്രമ നമ്പർ | മുൻ സർവ്വെ നമ്പർ | റീ സർവ്വെ നമ്പർ | വിസ്തീർണ്ണം ഹെ.ആർ.ച.മീ | ഇനം/പേര് | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 492 Part<br>493 Part<br>494 Part | 2/1 | 187.80.00 | അമാൽഗമേറ്റഡ് റ്റീ എസ്റ്റേറ്റ് | കോഫി എസ്റ്റേറ്റ് |
| 2 | -do- | 2/2 | 00.34.00 | -do- | -do- |
| 3 | -do- | 2/3 | 63.80.00 | സർക്കാർ | VF |
| 4 | -do- | 2/4 | 52;87;50 | സർക്കാർ | VF |
| 5 | -do- | 2/5 | 00.09.00 | സർക്കാർ | VF |
| 6 | -do- | 2/6 | 75.19.00 | സർക്കാർ | VF |
| | | | 380.09.50 (950.23.00 ഏക്കർ) | | |

Attested

USHA.T.NAIR
Under Secretary to Govt
Revenue ....Dept
Govt. Secretariat
Thiruvananthapuram

വനാതിർത്തിയുമായി ബന്ധപ്പെട്ടു കിടക്കുന്ന ഭൂമിയ്ക്ക് നികുതി സ്വീകരിക്കൽ ഉൾപ്പെടെയുള്ള നടപടികൾക്ക് വിധേയമാക്കുമ്പോൾ വനം അധികൃതരുടെ നിരാക്ഷേപ പത്രം ലഭ്യമാക്കിയോ, സംയുക്ത പരിശോധന നടത്തിയോ മാത്രമെ തീരുമാനമെടുക്കാവു എന്ന സർക്കാർ നിർദ്ദേശത്തിൻെറ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ താഴെ തലത്തിലേക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിലും റീ സർവ്വെ റിക്കാർഡുകളിൽ നിക്ഷിപ്ത വനമായി രേഖപ്പെടുത്തപ്പെട്ടതിനാലും റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന റവന്യൂ വനം സർവ്വെ വകുപ്പു പ്രതിനിധികളുൾപ്പെട്ട സമിതിയുടെ പരിശോധനയും അനുമതിയും വാങ്ങി റീ സർവ്വെ റിക്കാർഡുകളിൽ ആവശ്യമായ ഭേദഗതി വരുത്തിയ ശേഷമേ പോക്കുവരവ് അനുവദിച്ച് കരം സ്വീകരിക്കാവു എന്ന് വില്ലേജ് ആഫീസർ 09.07.2013-ൽ അഡീഷണൽ തഹസിൽദാർക്ക് റിപ്പോർട്ട് നൽകി. ***(അനുബന്ധം 17)*** ഈ വിഷയവുമായി ബന്ധപ്പെട്ട് സമർപ്പിച്ചിരുന്ന അപേക്ഷയിൽ 17.04.2010-ൽ അഡീഷണൽ തഹസിൽദാർക്കയച്ച റിപ്പോർട്ടിൻെറ പകർപ്പും അതിൽ

Attested

USHA.T.NAIR
Under Secretary to Govt
Revenue ...Dept.
Govt. Secretariat
Thiruvananthapuram

ഉൾപ്പെടുത്തിയിരുന്നു. അഡീഷണൽ തഹസിൽദാർ 23.07.2013ൽ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫിസർക്കയച്ച കത്തിൽ റീ സർവ്വെ റിക്കാർഡുകളിൽ വെസ്റ്റഡ് ഫോറസ്റ്റ് ആയി രേഖപ്പെടുത്തപ്പെട്ട സർവ്വെ 2/3, 2/4, 2/5, 2/6 സ്ഥലങ്ങൾ റീ സർവ്വെ അപാകതയാണെന്നും ആയത് തിരുത്തണമെന്നും ടാക്സ് സ്വീകരിക്കണമെന്നുമുള്ള അപേക്ഷകന്റെ ആവശ്യ പ്രകാരം റീസർവ്വെ അപാകത തിരുത്തി പോക്കുവരവു ചെയ്തു നൽകുന്നതിൽ വനം വകുപ്പിന് എന്തെങ്കിലും ആക്ഷേപം ഉണ്ടോയെന്നും പ്രസ്തുത ഭൂമി വെസ്റ്റഡ് ഫോറസ്റ്റ് നോട്ടിഫിക്കേഷനിൽ ഉൾപ്പെടുന്നതാണോ എന്നറിയിക്കുവാനും നെന്മാറ ഫോറസ്റ്റ് ഡിവിഷണൽ ആഫീസറോട് അഭ്യർത്ഥിച്ചു. ***(അനുബന്ധം 18)*** വേങ്ങനാട് കോവിലകം സ്വകാര്യ പാട്ടത്തിന് നൽകിയ വസ്തുക്കളിലെ ക്രമക്കേട് അന്വേഷിക്കുവാൻ ഫോറസ്റ്റ് വകുപ്പ് ഉപസമിതി രൂപീകരിച്ചിട്ടുണ്ടെന്നും, 14.06.2013-ന് യോഗം ചേർന്ന് പ്രാഥമിക നിഗമനങ്ങളിൽ എത്തിയതു പ്രകാരം ഇതു സംബന്ധിച്ച് കൂടുതൽ സമയം ആവശ്യമാണെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 31.07.2013-ന് മറുപടി നൽകി.

***(അനുബന്ധം 19)***

Attested

USHA.T.NAIR
Under Secretary to Govt
Revenue.....Dept
Govt. Secretariat
Thiruvananthapuram

28.04.2014-ന് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അഡീഷണൽ തഹസിൽദാർക്ക് അയച്ച സി2-8521/12 നമ്പർ കത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ***(അനുബന്ധം 20)***

21.03.2014-ൽ ഫോറസ്റ്റ് ഉപസമിതി യോഗം ചേരുകയും കരുണാ പ്ലാൻേറഷൻെറ സ്ഥലം സംബന്ധിച്ച് ചർച്ച ചെയ്യുകയുമുണ്ടായി. അതനുസരിച്ച് കരുണ പ്ലാൻേറഷൻ ഫയൽ ചെയ്തിരുന്ന OA യും അനുബന്ധ രേഖകളും ഇത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ നൽകിയിട്ടുള്ള നിയമോപദേശവും ജില്ലാ സർവ്വെ സൂപ്രണ്ട് നൽകിയിട്ടുള്ള റിപ്പോർട്ടുകളും വിശദമായി പരിശോധിക്കുകയും കരുണാ പ്ലാനേറഷന് സർവ്വെ 490-ലോ 494-ലോ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് ഉതകുന്ന രേഖകളില്ലെന്നും അതിനാൽ ടി സർവ്വെ നമ്പരിൽപ്പെട്ട ഭൂമിക്ക് കരം തീർക്കുവാൻ അനുമതി നൽകേണ്ടതില്ലെന്നും സർവ്വെ സൂപ്രണ്ട് ഒരിക്കൽ കൂടി ഫീൽഡ് പരിശോധന നടത്തി സർവ്വെ സ്കെച്ച് പ്രകാരം പരിശോധിച്ച് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് 492, 493 നമ്പരുകളിൽപ്പെട്ട

Attested

USHA.T.NAIR
Under Secretary to Govt
Revenue ...Dept
Govt. Secretariat
Thiruvananthapuram

സ്ഥലങ്ങൾക്ക് അനുമതി നൽകാവുന്നതുമാണെന്ന് യോഗം തീരുമാനിച്ചു.

അതനുസരിച്ച് ജില്ലാ സർവ്വെ സൂപ്രണ്ട് സ്ഥലം പരിശോധിച്ച് ബഹു:ജില്ലാ ഗവൺമെന്റ് പ്ലീഡർ മുഖാന്തിരം 04.04.2014-ന് റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ട് പ്രകാരം കരുണാ പ്ലാൻേറഷൻസ് (ഇപ്പോൾ Poabs Estate Pvt Ltd) പഴയ സർവ്വെ 492, 493 എന്നിവയിലായി 319.9508 ഹെക്ടറും സർവ്വെ 494-ൽ 19.6330 ഹെക്ടറും കൈവശം വയ്ക്കുന്നതായും അതിൽ 492, 493 നമ്പരിൽപ്പെട്ടതും എസ്റ്റേറ്റിൻെറ വടക്കേ അതിർത്തിയിൽ Wind Belt ആയി നിലകൊള്ളുന്ന 5.5 ഹെക്ടർ സ്ഥലം പരിസ്ഥിതി ദുർബല പ്രദേശമായി വിജ്ഞാപനം ചെയ്തിട്ടുള്ളതും ഇതു സംബന്ധിച്ച് EFL ട്രൈബ്യൂണലിൽ OA 3/07 ആയി കേസ്സ് നടന്നു വരുന്നതുമാണ്. അതിനാൽ ഈ 5.50 ഹെക്ടർ ഒഴിവാക്കി 314.4508 ഹെക്ടറിന് പോബ്സ് എസ്റ്റേറ്റിനെറ പേരിൽ കരം തീർക്കുന്നതിൽ വനം വകുപ്പിന് വിരോധമില്ല എന്ന് അറിയിച്ചിട്ടുണ്ട്. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലാണ് അനുമതി നൽകുന്നതെന്നും പിൽക്കാലത്ത് ഇതിന് വിരുദ്ധമായ എന്തെങ്കിലും രേഖകൾ ലഭിക്കുന്ന പക്ഷം ഇപ്പോൾ എടുത്തിട്ടുള്ള നിലപാട്

Attested

USHA.T.NAIR
Under Secretary to Govt
Revenue ...Dept
Govt. Secretariat
Thiruvananthapuram

പുന:പരിശോധിക്കുന്നതുമാണെന്ന് കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫിസറുടെ കത്തിൻെറ അടിസ്ഥാനത്തിൽ സബ് ഡിവിഷൻ റിക്കാർഡുകൾ തയ്യാറാക്കുവാൻ അഡീഷണൽ തഹസിൽദാർ താലൂക്ക് സർവ്വെയർക്ക് നിർദ്ദേശം നൽകി. 05.05.2014-ന് ഫയൽ സർവ്വെയർക്ക് കൈമാറി. 14.05.2014-ന് സർവ്വെയർ റിക്കാർഡുകൾ തയ്യാറാക്കുകയും ഹെഡ് സർവ്വെയറുടെ റിമാർക്സോടു കൂടി അഡീഷണൽ തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് സർവ്വെ സൂപ്രണ്ടിന് ഏരിയ സ്ക്രൂട്ടിനിക്ക് നൽകുകയും സ്ക്രൂട്ടിനിക്ക് ശേഷം TR ഫീസ് 70,000/- രൂപ ഈടാക്കിയിട്ടുള്ളതും സ്ഥല പരിശോധയ്ക്ക് തീയതി നിശ്ചയിച്ചിട്ടുള്ളതുമാണ്. 24.05.2014-ന് സ്ഥല പരിശോധന നടത്തിയ ശേഷം 26.05.2014-ന് പോക്കുവരവ് അനുവദിച്ച് നടപടിക്രമം തയ്യാറാക്കുവാൻ ഫയലിൽ ഉത്തരവാകുകയും ചെയ്തു. 28.05.2014-ന് തഹസിൽദാർ നടപടിക്രമം അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ***(അനുബന്ധം 21)***

റീ സർവ്വെയ് ക്ക് മുമ്പുള്ള സർവ്വെ നമ്പരും വിസ്തീർണ്ണവും

Attested

USHA.T.NAIR
Under Secretary to Govt
Revenue Dept
Govt. Secretariat
Thiruvananthapuram

പോക്കുവരവിന് ശേഷമുള്ള മാറ്റങ്ങൾ വരുത്തി തയ്യാറാക്കിയ സപ്ലിമെന്ററി BTR പ്രകാരമുള്ള വിസ്തീർണ്ണവും പേരുമാറ്റം നടത്തിയതു സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

Attested

USHA.T.NAIR
Under Secretary to Govt
Revenue Dept
Govt. Secretariat
Thiruvananthapuram

## പട്ടിക II

| റീ സർവ്വെ റിക്കാർഡുകൾ പ്രകാരം ബേസിക് ടാക്സ് രജിസ്റ്ററിലെ വിവരങ്ങൾ | | | | | | | ബേസിക് ടാക്സ് രജിസ്റ്റർ ഭേദഗതി ചെയ്ത ശേഷം രജിസ്റ്ററിലെ വിവരങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം | സർവ്വെ നമ്പർ സബ് ഡിവിഷൻ ന മ്പർ | വിസ്തീർണ്ണം | | | രേഖപ്പെടുത്തിയ ഇനം | റിമാർക്ക്സ് | | ഭേദഗതി വരുത്തിയ സർവ്വെ സബ് ഡിവിഷൻ നമ്പർ | വിസ്തീർണ്ണം | | | തണ്ടപ്പേർ നമ്പർ | പേര് മാറ്റിയ ശേഷം ഉള്ള പേര് | റിമാർക്ക്സ് |
| | | ഹെ | ആർ | ച.മീ. | | | | | ഹെ | ആർ | ച.മീ. | | | |
| I | 2/1 492 Pt 493 Pt 494 Pt | 187 | 80 | 00 | അമാൽഗമേറ്റഡ് ടീ എസ്റ്റേറ്റ് | കോഫി എസ്റ്റേറ്റ് | I | 2/1 | 19 | 24 | 90 | 1 | അമാൽഗമേറ്റഡ് ടീ എസ്റ്റേറ്റ് | |
| | | | | | | | | 2/12 | 168 | 55 | 10 | 4 | പോബ്സ് എസ്റ്റേറ്റ് | |
| II | 2/2 -do- | - | 34 | 00 | അമാൽഗമേറ്റഡ് ടീ എസ്റ്റേറ്റ് | കോഫി എസ്റ്റേറ്റ് | II | 2/2 | - | 34 | 00 | 4 | പോബ്സ് എസ്റ്റേറ്റ് | |
| III | 2/3 -do- | 63 | 80 | 00 | സർക്കാർ | VF | III | 2/3 | - | 09 | 95 | - | സർക്കാർ | നിക്ഷിപ്ത വനം |
| | | | | | | | | 2/13 | 63 | 70 | 05 | 4 | പോബ്സ് എസ്റ്റേറ്റ് | 5.50 H Wind Belt |
| IV | 2/4 -do- | 52 | 87 | 50 | സർക്കാർ | VF | IV | 2/4 | 52 | 87 | 50 | 4 | പോബ്സ് എസ്റ്റേറ്റ് | |
| V | 2/5 -do- | - | 09 | 00 | സർക്കാർ | VF | V | 2/5 | - | 09 | 00 | 4 | പോബ്സ് എസ്റ്റേറ്റ് | |
| VI | 2/6 -do- | 75 | 19 | 00 | സർക്കാർ | VF | VI | 2/6 | 3 | 08 | 13 | - | സർക്കാർ | VF |
| | | | | | | | | 2/7 | 27 | 26 | 53 | 4 | പോബ്സ് | |
| | | | | | | | | 2/8 | 23 | 77 | 91 | - | സർക്കാർ | VF |
| | | | | | | | | 2/9 | 07 | 12 | 90 | 4 | പോബ്സ് | |
| | | | | | | | | 2/10 | 09 | 85 | 63 | - | സർക്കാർ | VF |
| | | | | | | | | 2/11 | 04 | 07 | 90 | - | സർക്കാർ | |
| | | 380 | 09 | 50 | | | | | 380 | 09 | 50 | | | |
| | | 939.20 Acres | | | | | | | 939.20 Acres | | | | | |

Attested

പോബ്സൺ എസ്റ്റേറ്റ് മാനേജിംഗ് ഡയറക്ടറെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേട്ടതിൽ താഴെപ്പറയുന്ന കാര്യങ്ങൾ സ്റ്റേറ്റ്മെന്റായി രേഖപ്പെടുത്തിയിട്ടുണ്ട്.

I. <u>പോബ്സ് എസ്റ്റേറ്റ് മാനേജിംഗ് ഡയറക്ടർ ശ്രീ.ജോസഫ് ജേക്കബ്</u>

പോബ്സ് എസ്റ്റേറ്റിൽ ജന്മാവകാശം കൊല്ലങ്കോട് വേങ്ങനാട് കോവിലകത്തിലെ പത്മനാഭ രവിവർമ്മയും ധാത്രി എന്നുകൂടി പേരുള്ള വലിയമ്മയും ആണ്. വേങ്ങനാട് കോവിലകവും കൊല്ലങ്കോട് കോവിലകവും ഒന്നുതന്നെയാണ്. 1979-ൽ കരുണാ പ്ലാന്റേഷന്റെ കൈവശമിരിക്കുന്ന **919** ഏക്കർ എസ്റ്റേറ്റ് ഓഹരി കൈമാറ്റത്തിലൂടെയാണ് പോബ്സ് കമ്പനിക്ക് ലഭിക്കുന്നത്. ഈ ഭൂമി നിക്ഷിപ്തവനമാണെന്ന ഫോറസ്റ്റ് വകുപ്പിന്റെ തീരുമാനത്തിനെതിരെ OA-583/76 MFA 574/89 & 106/90 കേസ്സുകളുടെ വിധിപ്രകാരം ഫോറസ്റ്റല്ല എന്ന് തീരുമാനിക്കുകയും സർക്കാർ നിർദ്ദേശത്തെ തുടർന്ന് 86 ഏക്കർ വനമായി നിലനിർത്തി ബാക്കി സ്ഥലം പോബ്സ് എസ്റ്റേറ്റിനെ ഏൽപ്പിച്ചിട്ടുള്ളതുമാണ്. പോബ്സ് എസ്റ്റേറ്റിന് നെല്ലിയാമ്പതി വില്ലേജിൽ സർവ്വെ 492, 493, 494 സർവ്വേ നമ്പരുകളിലായി 846 ഏക്കർ സ്ഥലം ആധാര പ്രകാരമുണ്ട്. എന്നാൽ ചിറ്റൂർ താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവ് ഫോറസ്റ്റ് മിനിസർവ്വെ റിക്കാർഡുകൾ എന്നിവപ്രകാരം 833 ഏക്കറാണ്. 494 ൽപ്പെട്ട 19 ഹെക്ടറും 492,493 ൽ പ്പെട്ട **5.50** ഹെക്ടറും

Attested

USHA.T.NAIR
Under Secretary to Govt
Revenue ....Dept
Govt. Secretariat
Thiruvananthapuram

പോക്കുവരവ് ചെയ്യുതിന് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുമതി നൽകിയിട്ടില്ല. പോബ്സ് എസ്റ്റേറ്റ് പേരിൽ ഇടുക്കി ജില്ലയിൽ വണ്ടിപ്പെരിയാറിൽ 3000 ഏക്കർ തോട്ടഭൂമി ഉള ളതല്ലാതെ മറ്റു ഭൂമികളില്ല.

ജന്മാവകാശികൾ തമ്മിലുള്ള പാലക്കാട് ജില്ലാ കോടതിയിലെ 1/64 സബ്കോടതി കേസ്സിൽ ഐ.എ.953/74 കേസ്സിൽ 21.02.2003ൽ ഉണ്ടായ വിധിപ്രകാരം അവകാശം ലഭിച്ച കക്ഷികളിൽ നിന്നും പാലക്കാട് സബ് രജിസ്ട്രാർ ഓഫീസിലെ 09.05.08 ലെ 2119/08 നമ്പർ ആധാരപ്രകാരം ജന്മാവകാശം വിലയ്ക്ക് വാങ്ങിയിട്ടുണ്ട്. ഈ വസ്തു പോക്കുവരവ് ചെയ്തു കിട്ടുന്നതിന് 15.03.10 മുതൽ പലപ്രാവശ്യം അപേക്ഷകൾ ബന്ധപ്പെട്ടവർക്ക് നൽകി. അവസാനം 25.06.2013 ന് പാലക്കാട് ജില്ലാ കളക്ടർ മുമ്പാകെ പോക്കുവരവ് ചെയ്തു കിട്ടുന്നതിനായി അപേക്ഷ നൽകുകയും അതിന്മേൽ പോക്കുവരവ് അനുവദിച്ച് അഡീഷണർ തഹസിൽദാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

നെല്ലിയാമ്പതി എസ്റ്റേറ്റിൽ പ്ലാന്റേഷനല്ലാതെ മറ്റു കൃഷികളില്ല. എന്നാൽ Intercrop എന്ന നിലവിൽ കുരുമുളക്, വാനില. ഓറഞ്ച് എന്നിവ കൃഷി ചെയ്യുന്നു. പ്ലാന്റേഷനെന്ന നിലയിൽ Ancillary Purpose ന് TLB ഇളവ് നൽകിയ ഭൂമികൾ അപ്രകാരം തന്നെ ഉപയോഗിക്കുന്നു. നെല്ലിയാമ്പതി പഞ്ചായത്തിന്റെ അനുമ

Attested

USHA.T.NAIR
Under Secretary to Govt
... Dept
Govt. Secretariat
Thiruvananthapuram

തിയോടെ പാറഖനനം നടത്തിയിരുന്നുവെങ്കിലും നിലവിൽ ക്വാറി പ്രവർത്തിക്കുന്നില്ല. രണ്ട് ചെക്ക് ഡാമുകളും അന്വേഷണ സ്ഥലത്ത് പ്രവർത്തിക്കുന്നു.

II <u>പി.ഗിരീഷ്കുമാർ, ചിറ്റൂർ അഡീഷണൽ തഹസിൽദാർ</u>

13.01.14 മുതൽ ടിയാൻ ചിറ്റൂർ അഡീഷണൽ തഹസിൽദാരായി ജോലി നോക്കിവരുന്നതായും 25.06.13 ൽ പോബ്സ് മാനേജിംഗ് ഡയറക്ടർ പാലക്കാട് ജില്ലാ കളക്ടർക്ക് സമർപ്പിച്ച ഹർജിയിൽ 1961 ലെ സർവ്വെയും അതിരടയാള ആക്റ്റിലെ സെക്ഷൻ 13 A പ്രകാരം അതിർത്തി നിർണ്ണയം സംബന്ധിച്ച് റിസർവ്വെ അപാകത പരിഹരിക്കുന്നതിനുള്ള അപ്പീലാണ് ലഭിച്ചിരുന്നതെന്നും ആയതിനൊപ്പംതന്നെ ഫോറം 8 ലുള്ള അപേക്ഷയും ഉണ്ടായിരുന്നുവെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് 28.05.14 ൽ പോബ്സ് എസ്റ്റേറ്റിന് പോക്കുവരവ് ചെയ്തു നൽകിയതെന്നും കൂടാതെ GO (MS) 200/10 തീയതി.31.05.10 ലെ സർക്കാർ ഉത്തരവിൽ റീസർവ്വേ കഴിഞ്ഞ വില്ലേജുകളിലെ ഭൂമി സംബന്ധമായ എല്ലാ പരാതികളും പരിഹരിക്കുന്നതിനുള്ള അധികാരം അഡീഷണൽ തഹസിൽദാർക്ക് നൽകിയിട്ടുള്ളതാണെന്നും പ്രസ്താവിച്ചിരിക്കുന്നു. റീസർവ്വെ റിക്കാർഡുകളിൽ പുറമ്പോക്കായി രേഖപ്പെടുത്തപ്പെട്ട സ്ഥലം പട്ടാ ലാൻഡ് ആയി മാറ്റുന്നതിന് രേഖകൾ പരിശോധിച്ച് തെറ്റ് തിരുത്തി നൽകാൻ

Attested

USHA.T.NAIR
Under Secretary to Govt
Revenue Dept
Govt. Secretariat
Thiruvananthapuram

അഡീഷണൽ തഹസിൽദാർക്ക് അധികാരം ഉള്ളതായും പ്രസ്താവിച്ചിരിക്കുന്നു.

ഭൂമി പോക്കുവരവ് ചെയ്തുകിട്ടുന്നതിനായി പോബ്സ് സമർപ്പിച്ച അപേക്ഷയിന്മേലുള്ള 09.07.13 ലെ നെല്ലിയാമ്പതി വില്ലേജ് ഓഫീസറുടെ വനം റവന്യൂ സർവ്വെ വകുപ്പുകളുടെ സംയുക്ത പരിശോധന വേണമെന്ന ശുപാർശപ്രകാരമാണ് വനം വകുപ്പിന് കത്ത് നൽകിയതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഭൂമിക്ക് റീസർവ്വെ നിലവിൽ വരുന്ന 2007 വരെ കരം സ്വീകരിച്ചിട്ടുള്ളതായും 2007 ലെ റിസർവ്വെയിൽ നിക്ഷിപ്ത വനഭൂമിയായി രേഖപ്പെടുത്താത്ത ഭൂമിയ്ക്ക് തുടർന്നും കരം സ്വീകരിച്ചിരുന്നു. പ്രൈവറ്റ് പാട്ടാവകാശം മാത്രമുള്ള ഭൂമികൾക്ക് നികുതി സ്വീകരിക്കാമെന്നും പട്ടാദാരുടെ കോളത്തിൽ പാട്ടാദാരുടെ പേരും പണം ഒടുക്കുന്ന കോളത്തിൽ കൈവശക്കാരന്റെ പേരും രേഖപ്പെടുത്താമെന്നും അറിയിച്ചിരിക്കുന്നു.

വില്ലേജ് Bifurcation സമയത്ത് GO (MS) 246/89/RD തീയതി. 05.04.89 ലെ ഉത്തരവിൽ സർവ്വെ നമ്പർ 491, 492, 493 എന്നീ സർവ്വെ നമ്പരുകളിലായി 435-45-50 ഹെക്ടർ നിക്ഷിപ്തവനഭൂമി രേഖപ്പെടുത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

പരാമർശ സ്ഥലം മദ്രാസ് പ്രവിശ്യയിൽപ്പെട്ടതും കൊലങ്കോട് വേങ്ങനാട് (രണ്ട് കോവിലകവും ഒന്നുതന്നെ) കോവിലകം വകയായിരുന്നെന്നും ആയത് കൊല്ലങ്കോട് രാജ 07.02.1889 മുതൽ

Attested

USHA.T.NAIR
Under Secretary to Govt
Revenue Dept
Govt. Secretariat
Thiruvananthapuram

പാട്ടത്തിന് നൽകിയിരുന്നതായും തുടർ കൈമാറ്റത്തിലൂടെ അമാൽഗമേറ്റഡ് കോഫി എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡിന് ലഭിച്ചിരുന്നതായും ടി ലീസ് അവകാശം 28.10.1969 ലെ 2676/69 നമ്പർ അധാരപ്രകാരം എൻ.ജെ.ജോസഫ് പേർക്ക് പാട്ടത്തിന് കൈമാറിയിട്ടുള്ളതാണെന്നും 28.10.69 ലെ ഈ കൈമാറ്റം 1963 ലെ ഭൂപരിഷ്ക്കരണ നിയമത്തെ പരാജയപ്പെടുത്തുവാൻ ഉദ്ദേശിച്ചല്ലെയെന്ന ചോദ്യത്തിന് ടി ഭൂമി തോട്ട ഭൂമിയാണെന്നാണ് മനസ്സിലാകുന്നതെന്നാണ് മറുപടി നൽകിയത്. ടി ഭൂമി പോബ്സ് എസ്റ്റേറ്റിന് കൈവശം ലഭിച്ചതിനുള്ള സാധുത ഹാജരാക്കിയിട്ടുള്ള പ്രമാണങ്ങൾ പ്രകാരം പരിശോധിച്ചതായും എസ്.എം.6/2000 നമ്പർ മിച്ച ഭൂമി കേസിന് മുമ്പ് ടി ഭൂമി മറ്റ് സീലിംഗ് കേസിൽപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടില്ലായെന്നും 2000-ൽ ടി ഭൂമിക്കെതിരെ സീലിംഗ് കേസ് എടുത്തിയിട്ടുള്ളതിനാലാണ് 800 ഏക്കറോളം ഭൂമി കൈവശം വയ്ക്കുന്ന പോബ്സിനെതിരെ സീലിംഗ് കേസിന്റെ സാധ്യത പരിശോധിക്കാത്തതെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഭൂമിയുടെ ജന്മാവകാശത്തിന്റെ കൈമാറ്റം സംബന്ധിച്ച് 26.05.08 ലെ 2119 നമ്പർ ആധാരം പരിശോധിച്ചിട്ടുണ്ടെന്നും എന്നാൽ 21.02.03 ലെ ഐ.എ-953/74 പ്രകാരമുള്ള ഫൈനൽ ഡിക്രി പരിശൊധിച്ചിട്ടില്ലായെന്നും അറിയിച്ചു.

Attested

USHA.T.NAIR
Under Secretary to Govt
Revenue Dept
Govt. Secretariat
Thiruvananthapuram

ഒറ്റത്തവണയായി 800 ഏക്കറോളം ഭൂമി ഒരു വ്യക്തിക്ക് ഇനം മാറ്റി പോക്കുവരവ് അനുവദിക്കുന്നതിൽ നിയമതടസ്സമുണ്ടോയെന്നാരാഞ്ഞതിൽ നിയമത്തിൽ ലിമിറ്റ് പറയുന്നില്ലായെന്നും 02.07.13 രണ്ടാഴ്ചക്കകം പരാതിയിൽ തീർപ്പുകൽപ്പിക്കാൻ ജില്ലാകളക്ടർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് 28.05.14 ന് ഉത്തരവ് പുറപ്പെടുവിച്ചശേഷം കളക്ടർക്ക് റിപ്പോർട്ട് ചെയ്തിരുന്നതായും ടി വിഷയത്തിൽ അനാവശ്യമായ ധൃതി കാണിച്ചിരുന്നില്ലായെന്നും പരാമർശിക്കുന്നു.

ബി.റ്റി.ആർ തുടങ്ങിയ വില്ലേജ് റിക്കോർഡുകളിൽ മാറ്റംവരുത്തുവാൻ സർവ്വെയർക്ക് അധികാരം നൽകിയിട്ടുണ്ടോയെന്നന്വേഷിച്ചതിൽ ചിറ്റൂർ താലൂക്കിൽ തന്റെ നിർദ്ദേശപ്രകാരം ഇതുപോലുള്ള എല്ലാ കേസുകളിലും താലൂക്ക് സർവ്വെയറാണ് വില്ലേജ് റിക്കാർഡിൽ മാറ്റം വരുത്തുന്നതെന്ന് പ്രതിപാദിച്ചിരിക്കുന്നു.

(iii) <u>ശ്രീ. സി.പി. സെയ്ത് മുഹമ്മദ് ജില്ലാ സർവ്വേ സൂപ്രണ്ട്, പാലക്കാട്</u>

ടിയാന് 2.5.2013 മുതൽ ജില്ലാ സർവ്വെ സൂപ്രണ്ടായി ടി കാര്യാലയത്തിൽ തുടർന്ന് വരുന്നുവെന്നും, ചിറ്റൂർ താലൂക്കിലെ നെല്ലിയാമ്പതി വില്ലേജിലെ ബ്ളോക്ക് -10, റീസർവ്വെ -2/3, 2/4, 2/5, 2/6 എന്നിവ തരം മാറ്റുന്നത് സംബന്ധിച്ച് 28/5/2014 ലെ

Attested

USHA.T.NAIR
Under Secretary to Govt
Revenue ....Dept
Govt. Secretariat
Thiruvananthapuram

ചിറ്റൂർ അഡീഷണൽ തഹസിൽദാരുടെ H2/2013/10327/9/200 - ാം നമ്പർ നടപടി ക്രമത്തിൽ പ്രതിപാദിക്കുന്ന കേസിൽ Sub division ഏരിയ അംഗീകരിക്കുന്ന ജോലിയാണ് താൻ ചെയ്തിട്ടു ള്ളത് എന്ന് അറിയിച്ചു.

റീ-സർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണ ത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ എല്ലാ പരാതികളിലും മേൽ നടപടി സ്വീകരിക്കേണ്ട ചുമതല അഡീഷണൽ തഹ സിൽദാർക്കാണ്. ഇത്തരം അപേക്ഷകളിൽ സർവ്വെ സംബന്ധ മായ ഫീൽഡ് ജോലികൾ സർവ്വെയും ഏരിയാ സംബന്ധമായ ജോലികൾ ഡ്രാഫ്റ്റ്സ്മാനും ചെയ്ത പരിശോധനയ്ക്ക് സർവ്വെ സൂപ്രണ്ടിന് സമർപ്പിക്കുന്നു. സർവ്വെ സൂപ്രണ്ട് ആയത് അംഗീക രിച്ച് ടി കേസിൽ സബ് ഡിവിഷന് ഏരിയയും അംഗീകരിച്ച് നൽകുകയാണുണ്ടായത്. റീ-സർവ്വെ റിക്കാർഡുകളിൽ പുറ മ്പോക്ക് / വെസ്റ്റഡ് ഫോറസ്റ്റായി രേഖപ്പെടുത്തപ്പെട്ട സ്ഥല ത്തിന്റെ ഇ നം മാറ്റുന്നതിനുള്ള അധികാരി അഡീഷണൽ തഹ സിൽദാരാണ്. G.O (MS) 200/2010/RD dt. 31/5/2010 പ്രകാര മാണ് ടി അധികാരമുള്ളത്. ഭൂമിയുടെ ജന്മം മാറ്റുന്നതിന് അഡീ ഷണൽ തഹസിൽദാർക്കും, സബ് ഡിവിഷൻ സ്കെച്ച് ഉം, ഏരിയ സംബന്ധമായ കാര്യങ്ങളിൽ സർവ്വെ സൂപ്രണ്ടിനു മാണിതു സംബന്ധിച്ച അധികാരം. റവന്യൂ, വനം, സർവ്വെ വകു

Attested

USHA.T.NAIR
Under Secretary to Govt
Revenue Dept
Govt. Secretariat
Thiruvananthapuram

പ്പുകളുടെ സംയുക്ത പരിശോധന ഈ കേസിൽ നടത്തിയിട്ടുണ്ട്. വനം, റവന്യൂ, സർവ്വെ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുൾപ്പടെ 8 അംഗ കമ്മിറ്റി ഈ വിഷയത്തിൽ പരിശോധന നടത്തി. ടി സ്ഥലത്ത് സീതാർഗുണ്ടിന്റെ വടക്ക് ഭാഗത്ത് ജണ്ട സ്ഥാപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റീ-സർവ്വെ നടപടികളിൽ ജില്ലാസർവ്വെ സൂപ്രണ്ട് ഉൾപ്പെടുന്നില്ല. അമാൽഗമേറ്റഡ് Tea Estate ന്റെ പേരിൽ നികുതി അടച്ചിട്ടുള്ളതായി അറിയാം. റീ-സർവ്വെ റിക്കാർഡുകളിൽ വരുന്ന അപാകതകൾ പരിഹരിക്കുന്നതിന് നടപടിക്രമങ്ങൾ പൂർത്തീകരിച്ചു തഹസിൽദാരുടെ റിപ്പോർട്ട് പരിഗണിച്ച് വില്ലേജ് ആഫീസർ വില്ലേജ് റിക്കാർഡുകളിൽ മാറ്റം വരുത്തുകയാണ് പതിവ്. ഈ കേസിൽ അഡീഷണൽ തഹസിൽദാരുടെ ഉത്തരവ് പ്രകാരമാണ് താലൂക്ക് സർവ്വെ വില്ലേജ് റിക്കാർഡുകളായ BTR, TP രജിസ്റ്റർ, പുറമ്പോക്ക് രജിസ്റ്റർ എന്നിവയിൽ മാറ്റം വരുത്തിയിട്ടുള്ളത്. ഈ കേസ് സംബന്ധിച്ച് മുൻ കോടതി വിധികളൊന്നും വായിച്ചിട്ടില്ല. 2008 ലെ ആധാരം പരിശോധിക്കുകയുണ്ടായി. അഡീഷണൽ തഹസിൽദാരുടെ നിർദ്ദേശം പ്രകാരമാണ് നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത്.

Attested

USHA.T.NAIR
Under Secretary to Govt
Revenue ...Dept
Govt. Secretariat
Thiruvananthapuram

## IV ശ്രീ.അക്ബർ എം.എം. വില്ലേജ് ഓഫീസർ, നെല്ലിയാമ്പതി

ടിയാൻ നെല്ലിയാമ്പതി വില്ലേജിൽ 16.01.2013 മുതൽ 15.03.2014 വരെയും, 27.05.2014 മുതൽ ടി വില്ലേജിൽ അധിക ചുമതല വഹിച്ചുവരുന്നതായും, പോബ്സ് ഗ്രൂപ്പ് എം.ഡി അപേക്ഷ നൽകിയ സമയം ടിയാൻ Higher Survey Training ന്റെ ഭാഗമായി കോഴിക്കോട് ആയിരുന്നു എന്നും, ടിയാന്റെ അറിവിൽ 24.11.2000 മുതൽ 2013-14 സാമ്പത്തിക വർഷത്തേക്ക് കരുണാ പ്ലാന്റേഷൻ മാനേജരിൽ നിന്ന് 1009 ഏക്കറിന് നികുതി സ്വീകരിച്ചിട്ടുണ്ടെന്നും, 2014-15 ന് പോക്കുവരവിന് ശേഷം 4-ാം നമ്പർ തണ്ടപ്പേർ പ്രകാരം റീസർവെ ബ്ലോക്ക് 10 ൽ 2/12,2/2,2/13, 2/4,2/5,2/7,2/9 എന്നിവയിൽ നിന്ന് 314.4508 ഹെക്ടറിന് നികുതി സ്വീകരിച്ചിട്ടുണ്ടെന്നും, കരം സ്വീകരിക്കുന്നത് മാനേജർ കരുണാ പ്ലാന്റേഷൻ പേരിലാണെന്നും, പാട്ടാദാർ എന്നോ Lessee എന്നോ രേഖപ്പെടുത്തിയിട്ടില്ല എന്നും, 20.11.2000 വരെ മാനേജർ കരുണാ പ്ലാന്റേഷൻ എന്ന പേരിലും, 31.03.2001 മുതൽ ബിനു. കെ.മാത്യു, എം.ഡി പോബ്സ് പേരിൽ പ്ലാന്റേഷൻ ടാക്സ് അടച്ചുവരുന്നു എന്നും, 1995-96, 99-2000 വരെ പ്ലാന്റേഷൻ Arrear ആയി 72,000/- രൂപയും പ്ലാന്റേഷൻ ടാക്സ് ആയി 93,000/- രൂപയും അടച്ചതായും, ഇതുസംബന്ധിച്ച താലൂക്ക് ഉത്തരവുകൾ ഒന്നും

Attested

USHA.T.NAIR
Under Secretary to Govt
Revenue ...Dept
Govt. Secretariat
Thiruvananthapuram